പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1059 — 01.07.2015 ൽ മറുപടിയ്ക്ക്

## അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് സ്കൂളുകളുടെ പേര് അടക്കമുള്ള വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ; | (എ) | കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാഠ്യ പദ്ധതി പിൻതുടരുന്നതും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ 308 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു. ഇതിനു പുറമേ ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർ സെക്കന്ററി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3 -ലെ സ.ഉ. (കൈ) 863/15/പൊ.വി. ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് മൂലം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കുട്ടികൾ കുറയുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | അംഗീകാരം നൽകപ്പെട്ട സ്കൂളുകൾ വളരെ വർഷമായി പ്രവർത്തിച്ചുവരുന്നതാകയാൽ അംഗീകാരം നൽകുന്ന കാരണത്താൽ സമീപത്തെ സ്കൂളുകളിൽ കുട്ടികൾ കുറയാൻ സാധ്യതയില്ലായെന്ന് വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്